സംസ്ഥാന സർക്കാരിന്റെ പ്രതിജ്ഞാബദ്ധതയുടെ ഭാഗമായി വിക്ടോറിയയിലെ പ്രധാന വളർച്ചാ പ്രദേശങ്ങൾക്ക് സമീപം പത്ത് പുതിയ കമ്മ്യൂണിറ്റി ആശുപത്രികൾ നിർമ്മിക്കാനുള്ള ഒരു പുതിയ ക്രാൻബോൺ(Cranbourne) കമ്മ്യൂണിറ്റി ഹോസ്പിറ്റലിനു സാധ്യതയുള്ള സ്ഥലം തിരിച്ചറിയുന്നതിന് വിക്ടോറിയൻ ഹെൽത്ത് ആൻഡ് ഹ്യൂമൻ സർവീസസ് ബിൽഡിംഗ് അതോറിറ്റി (VHHSBA) 2019 ന്റെ തുടക്കത്തിൽ കൗൺസിലിനെ സമീപിച്ചു.

നിലവിൽ ആശുപത്രിക്കായി പരിഗണിച്ചിരിക്കുന്ന നിർദ്ദിഷ്ട സ്ഥലം ക്രാൻബോൺ ഈസ്റ്റിലെ 65 ബെർവിക്-ക്രാൻബോൺ റോഡിലുള്ള കേസി കോംപ്ലക്സിനുള്ളിൽ(Casey Complex at 65 Berwick-Cranbourne Road, Cranbourne East) തിരിച്ചറിഞ്ഞിട്ടുണ്ട് (ചുവടെയുള്ള പദ്ധതി കാണുക).

ഈ സൈറ്റ് നിലവിൽ ബല്ല ബല്ല(Balla Balla) കമ്മ്യൂണിറ്റി സെന്ററിനെയും കേസി(Casey) സ്റ്റേഡിയത്തിനായുള്ള ഓവർഫ്ലോ പാർക്കിംഗിനെയും ഉൾക്കൊള്ളുന്നു, ഇത് കൂടാതെ അഡ്മിനിസ്ട്രേഷൻ ബിൽഡിംഗ്, കേസി റേസ്(Casey RACE) എന്നിവ ഉൾപ്പെടുന്ന മറ്റ് സൗകര്യങ്ങൾക്ക് സമീപത്താണ്.

നിർദ്ദിഷ്ട കമ്മ്യൂണിറ്റി ഹോസ്പിറ്റൽ മോനാഷ് ഹെൽത്തിന്റെ(Monash Health) നിയന്ത്രണത്തിലായിരിക്കും, കൂടാതെ സേവനങ്ങളിൽ നേരത്തെയുള്ള ഇടപെടൽ, പ്രാഥമിക, കമ്മ്യൂണിറ്റി പരിപാലനം, അതുപോലെ തന്നെ ശിശുരോഗ പരിചരണം, മാറാരോഗങ്ങളെ സംബന്ധിച്ചുള്ള പരിപാടികൾ, പകൽ ആശുപത്രി സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കും. ചികിത്സയ്ക്കായി പ്രമുഖ ആശുപത്രികളിലേക്ക് പോകാതെ തന്നെ, ഈ നിർദ്ദിഷ്ട സേവനങ്ങൾ അവിടെ അടുത്തുള്ള കമ്മ്യൂണിറ്റിക്ക് വീടിനു സമീപം തന്നെ ആരോഗ്യ സേവനങ്ങൾ ഉപയോഗിക്കാൻ സാധിക്കുന്നതാണ്.

നിർദ്ദിഷ്ട ഭൂമി വിൽപ്പന മുന്നോട്ട് പോകുകയാണെങ്കിൽ, ആശുപത്രിയുടെ വികസനത്തിനായി ഭൂമി വിറ്റതിലൂടെ ലഭിക്കുന്ന ലാഭം ക്രാൻബോണിലെ(Cranbourne) നിലവിലുള്ളതും ഭാവിയിലുമുള്ള ജനസംഖ്യയ്ക്ക് കമ്മ്യൂണിറ്റി സൗകര്യങ്ങൾ നൽകാൻ കൗൺസിലിനെ പ്രാപ്തമാക്കും.

നിർദ്ദിഷ്ട ഭൂമി വിൽപ്പനയെക്കുറിച്ച് അവർക്ക് എന്തുതോന്നുന്നുവെന്ന പ്രതികരണം വ്യക്തമാക്കാൻ കമ്മ്യൂണിറ്റിയെ പ്രാപ്തരാക്കുന്ന പ്രക്രിയയുടെ ആദ്യ ഘട്ടമാണിത്.

കമ്മ്യൂണിറ്റിയുമായുള്ള എൻഗേജ്ജ്മെന്റ് പ്രവർത്തനങ്ങൾ **ഫെബ്രുവരി 11 വ്യാഴം മുതൽ മാർച്ച് 11 വ്യാഴം വരെ** നടത്തുന്നതാണ്.

എങ്ങനെ പങ്കെടുക്കാമെന്ന് കണ്ടെത്താൻ,
https://conversations.casey.vic.gov.au/community-hospital-land-sale
സന്ദർശിക്കുക